പ്രവൃത്തിയുടെ പേര്	പദ്ധതി		ചെലവായ തുക (ലക്ഷം രൂപയിൽ)	
	നോർമൽ ഡെവലപ്മെന്റ് ഫണ്ട്	RGGVY	നോർമൽ ഡവലപ്മെന്റ് ഫണ്ട്	RGGVY
11 കെ.വി. ലൈൻ നിർമ്മാണം	83.87 കി.മീ		414.38	
ട്രാൻസ്ഫോർമർ	91 എണ്ണം		209.84	
എൽ.റ്റി. ലൈൻ	3.893 കി.മീ	9.827 കി.മീ	8.96	22.6
കൺവേർഷൻ	183.117 കി.മീ		242.86	
സർവ്വീസ് കണക്ഷൻ	10056 എണ്ണം	295 എണ്ണം	186.03	5.46

പാരമ്പര്യേതര വൈദ്യുതി ഉല്പാദനം

69(2270) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദന പദ്ധതിയനുസരിച്ച് ഈ സർക്കാരിന്റെ കാലയളവിൽ ലക്ഷ്യമിട്ട ഉൽപ്പാദനം സാദ്ധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

പൂർണ്ണമായും സാധിച്ചിട്ടില്ല. പദ്ധതികൾ പുരോഗമിക്കുകയാണ്.

- 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് 2012-13-ൽ അനെർട്ട് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന 10000 സൗരഗൃഹ പദ്ധതിയിൽ നിലവിൽ 8 മെഗാവാട്ടിലധികം പവർപ്ലാന്റുകൾ സ്ഥാപിച്ച് ഉല്പാദനം നടത്താൻ സാധിച്ചിട്ടുണ്ട്. തുടർന്നും പുരോഗമിക്കുന്ന ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് 10 മെഗാവാട്ട് എന്ന ലക്ഷ്യം കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.
- 12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ട് 2014-15-ൽ ആരംഭിച്ച സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 3 മെഗാവാട്ട് പവർപ്ലാന്റുകൾക്ക് പ്രതിഷ്ഠാപനത്തിനുള്ള അന്തിമ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമന പാതയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- സർക്കാർ കെട്ടിടങ്ങളിൽ 110 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ 2012-13-ൽ ലഭിച്ച ഭരണാനുമതി പ്രകാരം പ്ലാന്റുകൾ പൂർത്തീകരിച്ചുകഴിഞ്ഞു. പാലക്കാട് കഴൽമന്ദത്ത് സ്ഥാപിക്കാനായി സർക്കാർ ഭരണാനുമതി നൽകിയ 2 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

  കേരളത്തിൽ കാറ്റാടിപ്പാടങ്ങൾവഴി 200 മെഗാവാട്ട് ശേഷിയുള്ള വൈദ്യുതോത്പാദന പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.റ്റി.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പിട്ടിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശത്ത് യന്ത്രസാമഗ്രികൾ കൊണ്ടുപോകുന്നതിന് റോഡ് സൗകര്യമില്ലാത്തതിനാലും ഈ പ്രദേശങ്ങളിൽ 850 കിലോവാട്ട്/1000 കിലോവാട്ട് WTG മാത്രമേ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടും ഈ പദ്ധതി സാങ്കേതികമായും സാമ്പത്തികമായും അനുയോജ്യമല്ല എന്ന് എൻ.റ്റി.പി.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്ത് അനെർട്ടും കെ.എസ്.ഇ.ബി. ലിമിറ്റഡും സംയുക്തമായി സോളാർ വിൻഡ് ഹൈബ്രിഡ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

  കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത് വർദ്ധിപ്പിക്കുവാനായി മറ്റൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

ഊർജ്ജോത്പാദന പദ്ധതികൾ

70(2271) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഊർജോത്പാദന പദ്ധതികൾക്ക് പുതുതായി രൂപം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;